# ചോറോട് ഗ്രാമപഞ്ചായത്ത് കാര്യാലയം


പി.ഒ മുട്ടുങ്ങൽ വെസ്റ്റ്, കോഴിക്കോട് - 673106

സെക്രട്ടറി
ചോറോട് ഗ്രാമപഞ്ചായത്ത്

ഫോൺ:0496–2512501
email-Chorodegp@gmail.com


എ3/10153(4)/2023 തീയ്യതി : 10/01/2024

സ്വീകർത്താവ്,

വി.പി ശ്രീധരൻ

വടക്കെ പുതിയാടത്തിൽ

മുട്ടുങ്ങൽ

സർ,

വിഷയം : നവകേരള സദസ്സ് 2023 മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന : 24.11.2023ലെ നവകേരള സദസ്സിലെ 1596 നമ്പർ നിവേദനം.

താങ്കൾ സൂചന പ്രകാരം നവകേരള സദസിൽ സമർപ്പിച്ച നിവേദനം 27/12/2023 ന് കോഴിക്കോട് വച്ച് നടന്ന ജില്ലാ സ്ഥിരം അദാലത്ത് സമിതി പരിഗണിക്കുകയുണ്ടായി. സമിതിയുടെ നിർദ്ദേശ പ്രകാരമുള്ള മറുപടി താഴെ പറയും പ്രകാരം അറിയിക്കുന്നു.

ശ്രീ മുഹമ്മദ് റാഫി, സൽമാൻ പാലസ്, മുട്ടുങ്ങൽ എന്നവർക്കും, യൂസഫ് റയ്യാനിൽ താമസിക്കും കളയം കുളത്ത്, മുട്ടുങ്ങൽ എന്നവരുടെയും ഉടമസ്ഥതയിലുള്ളതും ചോറോട് ഗ്രാമപഞ്ചായത്തിലെ 4ാം വാർഡിലെ 229,230,231 എന്നീ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി അനധികൃതമായി പുതിയ നിർമ്മാണം നടത്തിയതിനാൽ ആയത് പൊളിച്ചു മാറ്റുന്നതിന് 11/10/2019ന് ഈ ഓഫീസില് നിന്ന് താൽക്കാലിക ഉത്തരവ് നൽകിയിരുന്നു. ആതിന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 01/11/2019ന് പ്രസ്തുത ഉത്തരവ് സ്ഥിരപ്പെടുത്തിയിരുന്നു. ഇതിനെതിരെ എതിർ കക്ഷികൾ ബഹു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും 05/11/2019ന് സെക്രട്ടറിയുടെ ഉത്തരവ് സ്റ്റേ ചെയ്ത് കൊണ്ട് ബഹു ട്രൈബ്യൂണൽ ഉത്തരവിടുകയുമുണ്ടായി.

പ്രസ്തുത സ്റ്റേ ഉത്തരവ് നില നിൽക്കുന്നതിനാലും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA(5) പ്രകാരം അനധികൃത കെട്ടിടത്തിൽ ലൈസൻസ് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാലുമാണ് പ്രസ്തുത കെട്ടിടങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്തത്. എന്ന് അറിയിക്കുന്നു. ട്രൈബ്യൂണലിന്റെ വിധിക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

ചോറോട് ഗ്രാമപഞ്ചായത്ത്

ANEESH KUMAR T.P
Assistant Secretary
In Full Additional Charge of Secretary
Chorode Grama Panchayat